(സി) സമ്മാനാർഹർ നിയമാനുസൃതമായ എല്ലാ രേഖകളും സഹിതം ടിക്കറ്റ് ഹാജരാക്കിയാൽ ഒരു മാസത്തിനുള്ളിൽ തന്നെ സമ്മാനത്തുക നൽകിവരുന്നു. അന്യ സംസ്ഥാനത്തുനിന്നും ഹാജരാക്കിയ 31 കേസുകൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇവയുടെ സമ്മാനത്തുക വിതരണം ചെയ്തിട്ടില്ല. 6,14,70,000 രൂപയും 200 പവൻ തങ്കവുമാണ് വിതരണം ചെയ്യാതിരിക്കുന്നത്.

(ഡി) വകുപ്പ് സമയബന്ധിതമായി സമ്മാനത്തുകകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ, ആയത് ലഭിക്കുന്നതിനായി കത്തുകൾ അയക്കുകയും ഫോൺ മുഖാന്തരം ആവശ്യപ്പെടുകയും ചെയ്യുവരുന്നു.

കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവ് കുടിശ്ശിക

235 (583) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി പ്രകാരം രോഗികൾക്ക് ചികിത്സ ലഭ്യമാക്കിയ ആശുപത്രികൾക്ക് ചികിത്സാ ചെലവ് കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ എന്നു മുതൽക്കാണ് ഇത കുടിശ്ശികയായത് ;

(ബി) ഏതെല്ലാം ആശുപത്രികൾക്ക് എന്ത് തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(സി) ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി സർക്കാരിന് ലഭിച്ച പണം ചികിത്സ നൽകിയ ആശുപത്രികൾക്ക് യഥാസമയം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ?

(ഡി) കാരുണ്യാ ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഇതിന്റെ ചെലവിലേക്കായി വിനിയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014 ഡിസംബർ മാസം മുതലുള്ള തുകകളാണ് ആശുപത്രികൾക്ക് നൽകുനുള്ളത്.

(ബി) പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള 72 സ്വകാര്യ ആശുപത്രികൾക്ക് 2737 ക്ലെയിമുകൾക്കായി 8.58 കോടി രൂപയും സർക്കാർ ആശുപത്രികളിൽ 9156 അപേക്ഷകർക്കായി 120.11 കോടി രൂപയും കുടിശ്ശികയായി നൽകാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോട്ടറി ടിക്കറ്റ് വിൽപന വഴി സർക്കാരിന് ലഭിക്കുന്ന പണം മുഴുവനായും ചികിത്സ നൽകിയ ആശുപത്രികൾക്ക് യഥാസമയം നൽകി വരുന്നുണ്ട്. എന്നാൽ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ തുകയ്ക്കുള്ള അപേക്ഷകൾ ലഭിക്കുന്നതിനാൽ തുക അനുവദിക്കുന്നതിൽ ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ട്.

(ഡി) കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം പൂർണ്ണമായും കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായാണ് വിനിയോഗിക്കുന്നത്.

കാരുണ്യ ബെനവലന്റ് ഫണ്ട്

236 (584) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ആലപ്പുഴ ജില്ലയിൽ നാളിതുവരെ ചികിത്സാ സഹായം ലഭ്യമായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി കെ. ബി. എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചവരുടെ വിശദാംശങ്ങൾ (ആശുപത്രിയുടെ വിവരങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കുമോ ;

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അനുമതി നൽകാത്ത അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഇ) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ഘടന, അംഗങ്ങളുടെ വിശദാംശങ്ങൾ, മാനദണ്ഡം, യോഗ്യത എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വിവിധ സർക്കാർ ആശുപത്രികളിലായി 2929 പേർക്ക് നാളിതുവരെ കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 37,13,40,659 രൂപയും വിവിധ സ്വകാര്യ ആശുപത്രികളിലായി 362 പേർക്ക് 1,23,93,939 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നാളിതുവരെ ചികിത്സാ സഹായം ലഭ്യമായവരുടെ മറ്റ് വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ആകെ 696 രോഗികൾക്ക് ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly